*No. 006/2009/CL Dated: 15.09.2009* *Latin Archdiocese of Trivandrum, Vellayambalam*

# വിജ്ഞാപനം

വന്ദ്യവൈദികരേ, പ്രിയമക്കളേ,

നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മാസത്തിന്റെ സവിശേഷതകളെന്തെല്ലാമാണെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ പ്രത്യേകതകളിലേക്ക് നിങ്ങളുടെ ശ്രദ്ധതിരിക്കുവാനും അതോടനുബന്ധിച്ച ചില നിർദ്ദേശങ്ങൾ തരുവാനുമാണ് ഈ വിജ്ഞാപനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**1. വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ**

അതിരൂപതാ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളോടുകൂടിയാണ് ഒക്ടോബർ മാസം ആരംഭിക്കുന്നത്. ഒക്ടോബർ മാസം 1-ാം തിയതി എല്ലാ ഇടവകകളിലും ഈ തിരുനാൾ സമുചിതമായി ആഘോഷിക്കണം. കഴിയുന്നത്ര രൂപതാംഗങ്ങളെല്ലാം അന്നത്തെ ആഘോഷമായ ദിവ്യബലിയിൽ സംബന്ധിക്കുകയും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥ സഹായം അപേക്ഷിക്കുകയും ചെയ്യണം.

വൈദികരുടെ വിശുദ്ധീകരണത്തിനുവേണ്ടി ദിവസവും തീക്ഷണതയോടെ പ്രാർത്ഥിച്ചിരുന്ന ഒരു വിശുദ്ധയായിരുന്നു കൊച്ചുത്രേസ്യ. ഈ വൈദിക വർഷത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായെ അനുകരിച്ച് നമ്മുടെ രൂപതയിലെ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രായശ്ചിത്ത പ്രവൃത്തികൾ അനുഷ്ഠിക്കുവാനും നമ്മുടെ ഇടവകകളിലെ എല്ലാ കുടുംബാംഗങ്ങളും മുന്നോട്ടു വന്നിരുന്നുവെങ്കിൽ നന്നായിരുന്നു. വികാരിയച്ചന്മാരും കുടുംബയൂണിറ്റ് ഭാരവാഹികളും മുൻകൈ എടുക്കുകയാണെങ്കിൽ ഓരോകുടുംബത്തിനും ഓരോവൈദികനെവീതം നിർദ്ദേശിച്ചു കൊടുക്കുവാൻ സാധിക്കും. വൈദികരോടുള്ള സ്നേഹവും നന്ദിയും പ്രകടിപ്പിക്കുവാനും അവരുമായുള്ള ബന്ധം ആഴമാക്കുവാനുമുള്ള ഒരു മാർഗ്ഗമായിരിക്കും ഇത്.

**2. അതിരൂപതാദിനം**

വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിന്റെ പിറ്റേദിവസം ഒക്ടോബർ മാസം 2-ാം തിയതി അതിരൂപതാ ദിനമായിട്ട് നാം ആചരിച്ചുവരുകയാണല്ലോ. പ്രധാനമായും രണ്ടു പരിപാടികളാണ് അതിരൂപതാ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്ക്കൂൾ ആഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4.30 മണിവരെ രണ്ടു മണിക്കൂർ നീണ്ടു നിൽക്കുന്ന ഒരു കൺവെൻഷനും വൈകുന്നേരം 4.30 മണിക്ക് ആരംഭിക്കുന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയും.

വളരെ പ്രാധാന്യമർഹിക്കുന്നതും ആനുകാലികവുമായ ഒരു വിഷയമാണ് കൺവെൻഷനിൽ അവതരിപ്പിക്കുവാനായി തിരഞ്ഞെടുത്തിരിക്കുന്നത്: ''ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി''. കേരളാ റീജിയനൽ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (KRLCC) 14-ാം സമ്മേളനം ഈ വിഷയത്തെക്കുറിച്ച് ആഴമായ പഠനം നടത്തുകയും എല്ലാ രൂപതകളിലും വിപുലമായ രീതിയിൽ ഇതേക്കുറിച്ച് ചർച്ച ചെയ്യണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

കുറവുകൾ ധാരാളമുണ്ടെങ്കിലും സഭാസംവിധാനങ്ങളിലുള്ള രൂപതാംഗങ്ങളുടെ പങ്കാളിത്തം കഴിഞ്ഞ കുറേകൊല്ലങ്ങളായി ഒന്നുകൂടി മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിലെ നമ്മുടെ പങ്കാളിത്തം വളരെയേറെ ശോചനീയമാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ധാരാളം വികസന സാദ്ധ്യതകളുണ്ട്. എന്നാൽ അവിടെയൊക്കെ കടന്നുചെന്ന് നമുക്ക് അർഹമായ അവകാശങ്ങൾ നേടിയെടുക്കാനും നാം തന്നെ മുൻകൈ എടുത്ത് പദ്ധതികൾക്ക് രൂപം കൊടുക്കുവാനുമുള്ള അറിവും താല്പര്യവും നമുക്ക് ഇനിയും വേണ്ടത്ര കൈവന്നിട്ടില്ല.

സഭയിൽ മാത്രമല്ല, സമൂഹത്തിലും രാഷ്ട്രത്തിലും തങ്ങൾക്കർഹമായ സ്ഥാനം കൈവരിക്കുവാൻ നമ്മുടെ ജനങ്ങളെ പ്രാപ്തരാക്കുകയാണെങ്കിൽ അത് വൈദികർ ഈ വൈദികവർഷത്തിൽ ജനങ്ങൾക്കായി ചെയ്യുന്ന വലിയൊരു സേവനമായിരിക്കും. കെ.ആർ.എൽ.സി.സി.യുടെ നിർദ്ദേശമനുസരിച്ച് ഈ കൺവെൻഷൻ വലിയൊരു വിജയമാക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒക്ടോബർ രണ്ടാം തിയതിയിലെ കൺവെൻഷന് വഴിയൊരുക്കുവാനും അത് ഒന്നുകൂടി സജീവമാക്കാനും സെപ്റ്റംബർ മാസം 21-ാം തിയതി വിവിധ സമിതികളുടെ പ്രതിനിധികൾക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് ഒരു പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. ക്രമേണ ഈ പരിശീലന പരിപാടി ഫെറോന - ഇടവക - ബി.സി.സി. തലങ്ങളിൽ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഇടവക തലത്തിലും രൂപതാതലത്തിലുമുള്ള എല്ലാ സംവിധാനങ്ങളുടെയും സമിതികളുടെയും സംഘടനകളുടെയും അംഗങ്ങൾക്കായിട്ടാണ് ഒക്ടോബർ രണ്ടാം തിയതിയിലെ കൺവെൻഷനും ആഘോഷപരിപാടികളും സംഘടിപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ തെരഞ്ഞെടുക്കപ്പെട്ടവരെ ഈ കൺവെൻഷനിൽ പങ്കെടുക്കാൻ പ്രത്യേകം ക്ഷണിക്കുന്നു. രൂപതാ പാസ്റ്ററൽ കൗൺസിലംഗങ്ങൾ, കെ.ആർ.എൽ.സി.സി. അംഗങ്ങൾ, ഇടവക കൗൺസിലംഗങ്ങൾ, സാമ്പത്തിക സമിതിയംഗങ്ങൾ, ശുശ്രൂഷാ സമിതികളുടെയും, ബി.സി.സി.കളുടെയും ഭാരവാഹികൾ, ഭക്തസംഘടനകൾ, കെ.എൽ.സി.എ., കെ.സി.വൈ.എം., ഡി.സി.എം.എസ്., കെ.എൽ.എം., മത്സ്യത്തൊഴിലാളിവേദി, വനിതാവേദി, അദ്ധ്യാപകവേദി തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളെയെല്ലാം അതിരൂപതാദിനാഘോഷങ്ങളിൽ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാരും ഉത്തരവാദിത്വപ്പെട്ടവരും ശ്രദ്ധിക്കുമല്ലോ.

അന്നു വൈകുന്നേരം 4.30 മണിക്ക് ആരംഭിക്കുന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയിൽ എല്ലാ വൈദീകരും കൺവെൻഷനിലെ പ്രതിനിധികളും കഴിയുന്നത്ര സന്യസ്തരും വിശ്വാസികളും പങ്കെടുക്കണം. ഇതിനായി വേണ്ടിവന്നാൽ മാസാദ്യവെള്ളിയോടനുബന്ധിച്ച് ഇടവകകളിലെ ആരാധനകൾ മാറ്റിവയ്ക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

**3. ജപമാലഭക്തി**

ജപമാല ഭക്തി പ്രോത്സാഹിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള ഒരു മാസമാണല്ലോ ഒക്ടോബർ മാസം. മാദ്ധ്യമസംസ്ക്കാരത്തിന്റെ അതിപ്രസരം കാരണം കുടുംബ പ്രാർത്ഥന ഉപേക്ഷിക്കുന്ന കുടുംബങ്ങൾ സന്ദർശിച്ച് ജപമാല ഭക്തി പ്രചരിപ്പിക്കുവാനും മാതാവ് പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതുപോലെ പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാനും പ്രത്യേക താല്പര്യം കാണിക്കണമെന്ന് വിവിധ ഭക്തസംഘടനാംഗങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഒക്ടോബർ മാസത്തിന്റെ മറ്റൊരു പ്രത്യേകതയാണല്ലോ മിഷൻ ഞായറാഴ്ച ആചരണവും പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള പിരിവും. അതേക്കുറിച്ച് തയ്യാറാക്കിയ ഇടയലേഖനം മറ്റൊരവസരത്തിൽ വായിക്കുന്നതായിരിക്കും.

സ്വർഗ്ഗത്തിലിരുന്ന് റോസാപ്പൂക്കൾ വർഷിക്കുമെന്ന് വിശുദ്ധ കൊച്ചുത്രേസ്യാ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഒക്ടോബർ മാസത്തിലെ വിവിധ സംരംഭങ്ങളുമായി സഹകരിക്കുന്ന നിങ്ങളോരോരോരുത്തരുടെയുംമേൽ ദൈവം വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയിലൂടെ അനുഗ്രഹങ്ങളാകുന്ന റോസാപ്പൂക്കൾ സമൃദ്ധമായി വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം

15.09.2009 — തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**NB:** ഈ വിജ്ഞാപനം സെപ്റ്റംബർ മാസം 20-ാം തിയതി എല്ലാ പള്ളികളിലും വായിച്ച് വിശദീകരിക്കേണ്ടതാണ്